"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ്-ജീവനക്കാര്യം- ബീറ്റ് ഫോറസ്റ്റ് ഓഫീസർ ശ്രീ. ലിഞ്ചുവാസ്.കെ.വി.യ്ക്ക് ഔദ്യോഗിക കൃത്യനിർവഹണത്തിനിടയിൽ സംഭവിച്ച അപകടത്തെ തുടർന്നുള്ള ചികിത്സയ്ക്ക് തൃശ്ശൂർ എലൈറ്റ് മിഷൻ ആശുപത്രിയിൽ ചെലവായ തുക പ്രതിപൂരണം ചെയ്യുന്നതിന് അനുമതി നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.256/2023/F&WLD തീയതി,തിരുവനന്തപുരം, 04-07-2023.

---

പരാമർശം:- ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 25.10.2021, 05.05.2022, 16.03.2023 തീയതികളിലെ എച്ച്2/5204/2020 നമ്പർ കത്തുകൾ.

2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 23.01.2023 ലെ നം. (എൽ.ഡിസ്) എം.ആർ3-50589/2022/ആവഡ നമ്പർ കത്ത്.

**ഉത്തരവ്**

വനം വന്യജീവി വകുപ്പിൽ കൊല്ലങ്കോട് റേഞ്ചിലെ ബീറ്റ് ഫോറസ്റ്റ് ഓഫീസറായി സേവനമനുഷ്ഠിച്ചു വരുന്ന ശ്രീ. ലിഞ്ചുവാസ്.കെ.വി.യ്ക്ക് ഡ്യൂട്ടിക്കിടെയുണ്ടായ അപകടത്തിൽ പരിക്ക് പറ്റിയതിനെ തുടർന്നുള്ള ചികിൽസയ്ക്കായി തൃശ്ശൂർ എലൈറ്റ് മിഷൻ ഹോസ്പിറ്റലിൽ ചെലവായ 1,05,175/- രൂപ റീ ഇംബേഴ്സ് ചെയ്ത് ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷ ശിപാർശ സഹിതം അഡിഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) പരാമർശം (1) പ്രകാരം ലഭ്യമാക്കിയിരുന്നു. ചികിത്സയ്ക്ക ചെലവായതിൽ 56,046/-രൂപ അനുവദനീയമാണെന്ന് ആരോഗ്യവകുപ്പ് ഡയറക്ടർ പരാമർശം (2) പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം പരിശോധിക്കുകയുണ്ടായി. ഔദ്യോഗിക കൃത്യനിർവഹണത്തിന്റെ ഭാഗമായി ഒ.ആർ 04/2000 നമ്പർ കേസുമായി ബന്ധപ്പെട്ട് വാറന്റ് ഇഷ്യൂ ചെയ്യുന്നതിനായി പോകവേ ബൈക്ക് അപകടം സംഭവിച്ചാണ് ശ്രീ. ലിഞ്ചുവാസ്.കെ.വി.യ്ക്ക് പരിക്ക് പറ്റിയിട്ടുള്ളത്. മേൽ സാഹചര്യത്തിൽ, ബീറ്റ് ഫോറസ്റ്റ് ഓഫീസറായി സേവനമനുഷ്ഠിച്ചു വരുന്ന ശ്രീ. ലിഞ്ചുവാസ്.കെ.വി.യ്ക്ക് ഡ്യൂട്ടിക്കിടക്കിടയിലുണ്ടായ പരിക്കിനെ തുടർന്നുള്ള Neurosurgery ചികിൽസക്ക് തൃശ്ശൂർ എലൈറ്റ് മിഷൻ ഹോസ്പിപിറ്റലിൽ 17/03/2019 - 26/03/2019 കാലയളവിൽ ചെലവായ തുകയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ അനുവദനീയമെന്ന് അറിയിച്ച തുകയായ 56,046/- രൂപ (അൻമ്പത്താറായിരത്തി നാൽപ്പത്തി ആറ് രൂപ മാത്രം) പ്രതിപൂരണം ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സീത എസ് ലക്ഷ്മി
അണ്ടർ സെക്രട്ടറി.

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം), തിരുവനന്തപുരം (ബില്ലുകളുടെ യഥാർത്ഥ പ്രതികൾ സഹിതം).

ശ്രീ. ലിഞ്ചുവാസ്.കെ.വി., ബീറ്റ് ഫോറസ്റ്റ് ഓഫീസർ.(അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ്

കൺസർവേറ്റർ (ഭരണം) മുഖേന).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ &ഇ ), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്(26.06.2023 ലെ 2428348/എൽ1/193/2023 പ്രകാരം).
വെബ് & ന്യൂ മീഡിയ.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Noushad S
Date: 04-07-2023 14:40:02
സെക്ഷൻ ഓഫീസർ